മരിച്ചുയർത്തെഴുന്നേറ്റ് അങ്ങ് ജീവിക്കുന്നുവല്ലോ. പാപമോചനം നൽകിയാലും. അങ്ങയെ ഞാനെന്റെ കർത്താവും രക്ഷിതാവുമായി സ്വമനസ്സാലെ സ്വീകരിക്കുന്നു. ഇനി യെന്റെ ജീവിതം അങ്ങേയ്ക്കായി മാത്രം''. അനുതാപ പ്രാർത്ഥന താങ്കളെ അടിമുടി മാറ്റിമറിയ്ക്കും. നവജീവിതം ഇവിടെ തുടങ്ങുകയായി. പ്രജാവേഷത്തിൽവന്ന മഹാരാജൻ ജീവന്റെ നാഥൻ തന്നെ വന്നിരിക്കുന്നു. ഇപ്പോഴും നമ്മെ അന്വേഷിച്ചുകൊണ്ടേയിരിക്കുന്നു.

ഇന്നത്തെ ആനുകാലിക ലോകസംഭവങ്ങൾ പണ്ടത്തെ ബൈബിൾ പ്രവചനങ്ങളിലുണ്ടായിരുന്നു എന്ന അറിവ് ആരെയും അത്ഭുതപ്പെടുത്തും. ഇതിനു സഹായിക്കുന്ന 13 മണിക്കൂർ സമയമുള്ള അന്ത്യനാഴിക Audio ചോദ്യോത്തരത്തിന്റെ Pendrive സ്വന്തമാക്കുക. Mob. 9495446029

മാന്യവായനക്കാർക്കെല്ലാം ക്രിസ്മസ് പുതുവത്സര ആശംസകൾ

ജോൺ സെബാസ്റ്റ്യൻ

ലൂക്കോ.2:8-14, 23:43, മത്താ.23:14-15, ലൂക്കോ.24:44-47, ഗലാ.2:16, 21, യോഹ.14:6, യോഹ.8:21-24, 34, 36, പ്രവൃ.3:26, ലൂക്കോ.19:10

Christmas, King of Kings in human form by John Sebastian
Peace Tract No.10. P.B.-4, Puthuppally, Kottayam-11
Published by Peace Tract Society. 2013. Mob. 9495446029
Web. www.peaceministry.org
ഹാർവെസ്റ്റ് ടി.വി. പ്രിൻസ് ഓഫ് പീസ്. വ്യാഴം രാവിലെ 5.30

യരുശലേമിന്റെ ഭാവി, പലസ്തീൻ പ്രശ്നാവലോകനം
3-ാം ലോക മഹായുദ്ധം - പഠനത്തിന്
Youtube വിലാസം
YouTube johnsebastian&johnpthomas-channel

# പ്രജാവേഷത്തിൽ മഹാരാജൻ!



May the peace and hope of *Christ's Birth* be with you now and in the days ahead

എങ്ങും മനസ്സുണർത്തുന്ന ഗാനങ്ങൾ. മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങൾ. അതെ എല്ലാവരും സന്തോഷിക്കുന്ന സ്മരണകളുയർത്തി വീണ്ടുമൊരു ക്രിസ്മസ്കാലം. മനുഷ്യർക്കും മാലാഖമാർക്കും മഹാസന്തോഷമേകി മഹാരാജാവ് പ്രത്യക്ഷനായി. അതും പ്രജകളുടെ വേഷത്തിൽ. പ്രജകൾക്ക് സ്വർഗ്ഗത്തിന്റെ അർഹതയേകാൻ സ്നേഹത്തിന്റെ രാജാവായി വന്ന ദൈവത്തിന്റെ മനുഷ്യാവതാരം.

അവിടുത്തെ പഠിപ്പിക്കലുകളും പാപരഹിതജീവിതവും പങ്കപ്പാടുകളും പാപപ്രായശ്ചിത്തമരണവും പുനരുത്ഥാനവുമെല്ലാം പാപികൾക്ക് പറുദീസാ തുറന്നുകൊടുത്തു! ഈ അനുഗ്രഹസ്മരണകൾ അയവിറക്കുകയാണ് ക്രിസ്മസ്! ഇനി പാടാം..... പ്രഘോഷിക്കാം. ''സർവ്വജനത്തിനും ഉണ്ടാകുവാനുള്ളോരു മഹാസന്തോഷം.... കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് നിങ്ങൾക്കായി ജനിച്ചിരിക്കുന്നു... അവിടുന്ന് ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് വിടുവിക്കും.''

മതത്തെ ഒഴിവാക്കി മനുഷ്യനെ രക്ഷിക്കുന്ന സുവാർത്തക്ക് ലോകം കാതോർത്തത് ആദ്യമായാണ്. മതത്തിൽ ചേരലോ മതത്തിൽ ചേർക്കലോ തന്റെ സദ്വാർത്തയല്ലെന്ന് പഠിപ്പിച്ച യേശു താൻ തന്നെ മോക്ഷമാർഗ്ഗമെന്ന് സ്വയം പരിചയപ്പെടുത്തി. മഹാസന്തോഷത്തെ നശിപ്പിച്ച് നമ്മെ നിത്യനരകത്തിനർഹരാക്കിയത് പാപമാണെന്ന് പറഞ്ഞൊഴിയുവാനല്ല യേശു വന്നത്. പാപശിക്ഷയായ മരണത്തിന് മരണം തന്നെ പരിഹാരം നൽകി വിടുവിക്കാമെന്ന പ്രവചനപ്രകാരം വന്നതാണ്. മരിക്കാൻ ജനിച്ച മഹാരാജൻ! പാപത്തിന്റെ ശമ്പളമായ മരണത്തിന് മനുഷ്യന്റെ മാർഗ്ഗങ്ങളോ കർമ്മങ്ങളോ നേർച്ചകളോ പുണ്യങ്ങളോ പകരം മതിയായിരുന്നെങ്കിൽ പിന്നെ ക്രിസ്തുനാഥന്റെ മരണത്തിന്റെ ആവശ്യമെ വരില്ലായിരുന്നു. പ്രജകളുടെ പാപക്കടം തീർക്കുവാനുള്ള മാനുഷിക മാർഗ്ഗങ്ങളെല്ലാം അപര്യാപ്തമായി വന്നപ്പോൾ ദൈവമൊരുക്കിയ ഏക രക്ഷാമാർഗ്ഗത്തിന്റെ വിശ്വവിളംബരമായി ക്രിസ്മസ് വിളങ്ങുന്നു.

യേശു അവകാശപ്പെടുകയാണ് ''ഇതാ ഞാൻ തന്നെ വഴിയും സത്യവും ജീവനും. ഞാൻ മുഖാന്തിരം അല്ലാതെ ആരും പിതാവിന്റെ അടുക്കൽ അഥവാ സ്വർഗ്ഗത്തിൽ എത്തുന്നില്ല''. ഓർക്കുക എല്ലാവർക്കും നിത്യജീവനെന്ന മഹാസന്തോഷത്തിന്റെ സന്ദേശം മനുഷ്യരൂപത്തിൽ ലഭ്യമാകുന്നതിലും വലിയ ജനകീയ മോക്ഷമാർഗ്ഗം മറ്റൊന്നുമില്ല. മഹാരാജൻ നമുക്കിടയിൽ നടന്നു. മനുഷ്യജീവിതത്തിൽ ഉണ്ടാകാവുന്ന നൊമ്പരങ്ങളും ഹൃദയവേദനകളും അനുഭവിച്ചു. അതുകൊണ്ട് ആരെയും സഹായിക്കുവാൻ അവിടുത്തേക്ക് കഴിവുണ്ട്, മനസ്സുണ്ട്. മദ്യമയക്കുമരുന്നുകളിൽ നിന്ന് മുഖം തിരിക്കുക. മനസ്സിനെ മലീമസമാക്കുന്ന പാപത്തിൽ നിന്നും അകലുക.

അകൃത്യങ്ങളിൽ നിന്ന് അകലാൻ നാം അശക്തരാണ്. അതറിഞ്ഞാണ് ദൈവത്തിന്റെ മനുഷ്യാവതാരം. അകൃത്യമോചനം നൽകാനാണ് അത്. ആന്തരീകമാറ്റത്തിനാണത്. ആത്മരക്ഷ നൽകാനാണത്. ആത്മരക്ഷക്ക് നമ്മുടെ സമ്മതമാണാവശ്യം. അനുതാപഹൃദയമാണവശ്യം. മതപരിവർത്തനത്താലല്ല മനോദുഃഖത്തോടെ മാപ്പിരക്കുന്നവർക്ക് ക്രിസ്തു അകൃത്യമോചനം നൽകുന്നു. അവരുടെ ഹൃദയത്തിൽ ആത്മരക്ഷകനേശു വന്നു വാസം തുടങ്ങുന്നു. അപ്പോൾ അശക്തനായ മനുഷ്യൻ ശക്തനാകും. അകൃത്യങ്ങളിൽ നിന്നകലാൻ ശക്തി. അരുതാത്തതിനെ ജയിക്കുവാൻ ശക്തി. അന്യരെയും ശത്രുവിനെയും സ്നേഹിക്കുവാൻ ശക്തി. അങ്ങനെയാണ് മഹാസന്തോഷത്തിന് അവകാശികളാവുന്നത്. ആഗ്രഹിക്കുന്നുവെങ്കിൽ അവരവർക്കും അന്യർക്കും അവിശ്വസനീയമായ ആന്തരീകമാറ്റം!

ആത്മാർത്ഥമായ പ്രാർത്ഥന അനുഗ്രഹത്തിന്റെ ആരംഭമാണ്. ''പരിശുദ്ധനായ കർത്താവെ, എന്റെ പാപജീവിതത്തെ ഓർത്ത് ഞാൻ അനുതപിക്കുന്നു. എന്റെ പാപത്തിന് പകരമായി